ഭരണഭാഷ — മാതൃഭാഷ

സി1/11685/റ്റിസി/2007

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 20-10-2015

## സർക്കുലർ-23/2015

വിഷയം: മോട്ടോർ വാഹന വകുപ്പ്-വാഹനങ്ങളുടെ നമ്പർ റിസർവ്വേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്

സൂചന: 1. 15-10-2015 തീയതിയിലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(പി) നം.64/2015/ട്രാൻ
2. 25-01-2011 തീയതിയിലെ സർക്കാർ ഉത്തരവ് നം ജി.ഒ.(പി) നം.03/2011/ട്രാൻ
3. 18-05-2013 തീയതിയിലെ സർക്കുലർ നം. 08/2013

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പുതിയ വാഹനങ്ങളുടെ നമ്പർ റിസർവ്വേഷനുമായി ബന്ധപ്പെട്ട് 1989ലെ കേരള മോട്ടോർ വാഹന ചട്ടം 95 സൂചന (2) പ്രകാരം പരിഷ്കരിക്കുകയുണ്ടായി. ഇത്തരത്തിൽ നമ്പർ ബുക്ക് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സൂചന (3) പ്രകാരം നൽകിയിരുന്നു. എന്നാൽ അന്യസംസ്ഥാനത്തു നിന്നും വരുന്ന വാഹങ്ങൾക്ക് നമ്പർ റിസർവ്വ് ചെയ്യുവാൻ സാധിക്കുന്നില്ല എന്നും, പല ഓഫീസുകളിലും നൂറു കണക്കിന് നമ്പറുകൾ ബുക്ക് ചെയ്യാതെ വെറുതെ കിടക്കുന്നുവെന്നും പറഞ്ഞ് നിരവധി പരാതികൾ ലഭിക്കുകയുണ്ടായി. മേൽ പറഞ്ഞ വിഷയങ്ങൾ പരിഗണിച്ച് കേരള മോട്ടോർ വാഹന ചട്ടം 95 സൂചന (1) പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം നൽകിയിരുന്ന സർക്കുലർ 08/2013 ഇതിനാൽ പിൻവലിക്കുകയും, ഫാൻസി നമ്പർ ബുക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഈ നിർദ്ദേശങ്ങൾ 19-10-2015 തീയതി മുതൽ കർശനമായി പാലിക്കേണ്ടതാണ്.

(1). സംസ്ഥാനത്ത് പുതതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്കും, അന്യസംസ്ഥാനത്തു നിന്ന് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് ഉടമസ്ഥാവകാശം മാറ്റി/ മേൽവിലാസം മാറ്റി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾക്കും നമ്പർ ബുക്കിംഗ് അനുവദിക്കേണ്ടതാണ്;

(2). ഓരോ ആഴ്ചയിലും ആദ്യത്തെ പ്രവൃത്തി ദിവസം തന്നെ ആ ആഴ്ചയിലെ റേഞ്ച് നോട്ടീസ് ബോർഡിലും, ടച്ച് സ്ക്രീനിലും പ്രദർശിപ്പിക്കേണ്ടതാണ്;

(3). വാഹന ഡീലറും, വാഹന ഉപഭോക്താവും ഒരേ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ അധികാര പരിധിക്കുള്ളിൽ ആണെങ്കിൽ നമ്പർ ബുക്ക് ചെയ്യുന്നതിന് വേണ്ടി വാഹനത്തിന് ടെമ്പററി രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്;

(4). നമ്പർ ബുക്ക് ചെയ്യുന്നതിന് സീൽഡ് ടെണ്ടർ, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ സമർപ്പിക്കേണ്ടതില്ല;

(5). Form-RFRMA യോടൊപ്പം നൽകിയിട്ടുള്ള മാർഗ്ഗരേഖയുടെ ഒരു പകർപ്പ് പൂരിപ്പിച്ച ശേഷം അപേക്ഷകന്റെ ഒപ്പോടുകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും, അപേക്ഷ സ്വീകരിച്ചതിന്റെ കൈപ്പറ്റൽ രസീത് അപേക്ഷകന് നൽകേണ്ടതുമാണ്; അപേക്ഷകന്റെ മൊബൈൽ നമ്പർ **Form RFRMA** യിൽ രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്;

(6). കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 95(6) ൽ പ്രതിപാദിച്ചിട്ടുള്ള വിധത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ വ്യക്തി ലേലം നടത്തേണ്ടതാണ്. ഒരാഴ്ചയിൽ അവസാനത്തെ പ്രവൃത്തി ദിവസം വരെ ലഭിക്കുന്ന റിസർവ്വേഷൻ അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കുന്നതിനായി , തുടർന്നുള്ള ആഴ്ചയിലെ ആദ്യത്തെ പ്രവൃത്തി ദിവസം പ്രസ്തുത നമ്പറുകൾ ലേലത്തിൽ വയ്ക്കേണ്ടതാണ്. രാവിലെ 10.30 നു തന്നെ ലേല നടപടികൾ ആരംഭിക്കേണ്ടതാണ്. ലേല നടപടികൾ ഉച്ചക്ക് 1.00 മണിക്ക് ശേഷവും തുടരുകയാണെങ്കിൽ ലേലത്തിൽ ലഭിച്ച തുക അടക്കുന്നതിനായി മാത്രം ഒരു കൗണ്ടർ പ്രവർത്തിക്കേണ്ടതാണ്.

(7). ഒരു നമ്പറിന് ഒരു അപേക്ഷകൻ മാത്രമേ ഉള്ളൂ എങ്കിൽ ലേല ദിവസം പ്രസ്തുത നമ്പർ അദ്ദേഹത്തിന് അനുവദിച്ചു കൊണ്ടുള്ള പ്രൊസീഡിംഗ്സ് നൽകാവുന്നതാണ്. ഒരു നമ്പറിന് ഒന്നിൽ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ ലേലം നടത്തി പ്രസ്തുത നമ്പറിന്റെ ഉടമസ്ഥനെ തീരുമാനിക്കാവുന്നതാണ്.. ലേല ദിവസം ലേലം ആരംഭിക്കുന്ന സമയത്ത് ഒന്നിൽ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ അപേക്ഷകനോ, അപേക്ഷകൻ അധികാരപ്പെടുത്തിയ വ്യക്തിയോ ഹാജരായിട്ടില്ലെങ്കിൽ പ്രസ്തുത അപേക്ഷ അസാധുവാക്കേണ്ടതും, അപേക്ഷകൻ അടച്ച ഫീസ് സർക്കാരിലേക്ക് മുതൽകൂട്ടേണ്ടതുമാണ്. അപേക്ഷകനു പകരം ലേലത്തിൽ പങ്കെടുക്കുവാൻ അപേക്ഷകൻ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തി **Annexure-A** ആയി ഉൾക്കൊള്ളിച്ചിട്ടുള്ള ഓതറൈസേഷൻ ലെറ്റർ സമർപ്പിക്കേണ്ടതാണ്;

(8). **Auction Register** ന്റെ രൂപരേഖ **Annexure-B** ആയി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. ലേലം ആരംഭിക്കുന്നതിനു മുൻപും, ലേലം അവസാനിച്ച ശേഷവും **Auction Register**ൽ ലേലത്തിൽ ഹാജരായവരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആരെങ്കിലും ഒപ്പിടുന്നതിന് വിസമ്മതിക്കുകയാണെങ്കിൽ ആയതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്;

(9). ലേല സമയത്ത് ലേലം ആരംഭിക്കേണ്ടത് 500 രൂപയിൽ നിന്നോ അതിന്റെ ഗുണിതങ്ങളിൽ നിന്നോ ആകണം. എന്നാൽ ഒരു നമ്പറിന് നിശ്ചയിച്ചിട്ടുള്ള ഫീസും കൂടി ഉൾപ്പെടുത്തി ലേലം ആരംഭിക്കുവാൻ പാടുള്ളതല്ല. അതായത് '1' എന്ന നമ്പരിൻ ഫീസായി അടച്ച ഒരു ലക്ഷം രൂപ ഒഴിവാക്കിയാണ് ലേലം വിളിച്ചു തുടങ്ങേണ്ടത്. ടി നമ്പരിന് തുടക്കത്തിൽ ഒരാൾ 500/- രൂപ ലേലം വിളിക്കാൻ ഉദ്ദേശ്യമുണ്ടെങ്കിൽ 500 രൂപ മാത്രമേ വിളിക്കാവൂ. അല്ലാതെ ഒരു ലക്ഷത്തി അഞ്ഞൂറ് എന്ന് വിളിക്കുവാൻ പാടുള്ളതല്ല. ഓരോ പ്രാവിശ്യവും അപേക്ഷകൻ വിളിക്കുന്ന തുക ലേല രജിസ്റ്ററിന്റെ ഒരു പ്രത്യേക പേജിൽ രേഖപ്പെടുത്തേണ്ടതും ലേലം അവസാനിക്കുന്ന് സമയത്ത് ഓരോ ലേലക്കാരനും അവസാനം വിളിച്ച തുക മാത്രം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തേണ്ടതും, ലേല രജിസ്റ്ററിൽ പ്രസ്തുത തുക രേഖപ്പെടുത്തി ലേലക്കാരുടെ ഒപ്പ് വാങ്ങേണ്ടതുമാണ്;

(10). ലേല തുക 25,000 രൂപയിൽ കൂടുകയാണെങ്കിൽ അയാൾ വിളിക്കുന്ന ഓരോ 25,000 രൂപയ്ക്കും ലേലം താത്ക്കാലികമായി നിർത്തി വയ്ക്കേണ്ടതും , വിളിച്ച തുകയുടെ പകതി താത്ക്കാലികമായി **Auction Register**ൽ രേഖപ്പെടുത്തി ലേലം തുടരേണ്ടതാണ്. ലേലം ഉറപ്പിച്ച ശേഷം ലേലത്തിൽ പരാജയപ്പെടുന്ന വ്യക്തികൾക്ക് ടി തുക മടക്കി നൽകേണ്ടതും രജിസ്റ്ററിൽ ഒപ്പിട്ടു വാങ്ങേണ്ടതുമാണ്;

(11). ലേലത്തിൽ ഏറ്റവും ഉയർന്ന തുക വിളിക്കുന്ന വ്യക്തിക്കാണ് നമ്പർ അലോട്ട് ചെയ്യേണ്ടത് ലേലത്തിൽ വിജയിച്ച വ്യക്തിക്ക് അന്നേ ദിവസം തന്നെ നമ്പർ അലോട്ട് ചെയ്തു കൊണ്ടുള്ള നടപടിക്രമം (**Proceedings**) നൽകേണ്ടതാണ്;

(12). ലേലത്തിൽ വിജയിച്ച വ്യക്തി ബാക്കി അടക്കേണ്ട തുക ലേലം നടന്ന അതേ ദിവസം തന്നെ കൗണ്ടർ സമയം അവസാനിക്കുന്നതിന് മുൻപ് കൗണ്ടറിൽ ഒടുക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലത്തിൽ ഉയർന്ന തുക വിളിച്ചയാൾ ബാക്കി തുക അന്നേ ദിവസം തന്നെ അടയ്ക്കാതിരുന്നാൽ അയാൾ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടേണ്ടതും ഏറ്റവും കൂടിയ രണ്ടാമത്തെ തുക വിളിച്ച വ്യക്തിക്ക് അയാളുടെ ആഗ്രഹപ്രകാരം നമ്പർ അലോട്ട് ചെയ്യാവുന്നതാണ്. പ്രസ്തുത വ്യക്തിക്ക് താത്പര്യമില്ലാത്ത പക്ഷം മൂന്നാമത് ഏറ്റവും കൂടുതൽ തുക വിളിച്ച വ്യക്തിക്കോ നമ്പർ അനുവദിക്കാവുന്നതാണ്. തുടർന്ന് താഴോട്ടും ഈ നടപടിക്രമം പാലിക്കാവുന്നതാണ്. ഇങ്ങനെ നമ്പർ നൽകുമ്പോൾ നമ്പർ ആർക്കാണോ നൽകുന്നത് പ്രസ്തുത വ്യകതി അയാൾ വിളിച്ച തുക കൗണ്ടറിൽ ഉടൻ തന്നെ ഒടുക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രകാരമുള്ള തുക അടയ്ക്കുവാൻ വിസമ്മതിക്കുന്ന വ്യക്തികൾ നിലവിൽ അടച്ചിട്ടുള്ള ഫീസ്

സർക്കാരിലേക്ക് മുതൽ കൂട്ടേണ്ടതാണ്. നമ്പർ സ്വീകരിക്കുവാൻ ആരും തയ്യാറാകുന്നില്ലെങ്കിൽ പ്രസ്തുത നമ്പർ ലാപ്സ് ആകുന്നതും, ലേലത്തിൽ പങ്കെടുത്തവർ അടച്ച ഫീസ് സർക്കാരിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്;

(13). **ഏതെങ്കിലും കാരണവശാൽ നമ്പർ അനുവദിച്ച് 5 ദിവസങ്ങൾക്കകം വാഹനം രജിസ്ട്രേഷനായി ഹാജരാക്കിയില്ലെങ്കിൽ നമ്പർ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് അസാധുവാക്കേണ്ടതും, നമ്പർ റിസർവ്വേഷനായി അടച്ച തുകയും, ലേലത്തിൽ നിന്നും ഈടാക്കിയ തുകയും സർക്കാരിലേക്ക് മുതൽകൂട്ടേണ്ടതാണ്. പ്രസ്തുത നമ്പർ Lapsed Number ആയി കണക്കാക്കുന്നതാണ്. ഇത്തരത്തിൽ നമ്പർ അനുവദിച്ച ഉത്തരവ് അസാധുവായി എന്നറിയിച്ചു കൊണ്ടുള്ള ഉത്തരവ് അപേക്ഷകന് നൽകുന്നതല്ല;**

(14). സംസ്ഥാനത്ത് മേൽവിലാസം മാറ്റി/ഉടമസ്ഥാവകാശം മാറ്റി ഉപയോഗിക്കുന്ന അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്ക് നമ്പർ റിസർവ്വ് ചെയ്യുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റി/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിയുടെ ഉത്തരവായ അന്നുമുതൽ 7 ദിവസം സമയം നൽകേണ്ടതാണ്. പ്രസ്തുത വാഹനങ്ങൾക്ക് നമ്പർ റിസർവ്വ് ചെയ്യുന്നതിനായി വാഹനം ഉപയോഗയോഗ്യമാണ് എന്ന് രജിസ്റ്ററിംഗ് അതോറിറ്റി/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി നൽകിയിട്ടുള്ള നടപടിക്രമം (Proceedings)ഹാജരാക്കേണ്ടതാണ്. ഇത്തരത്തിലുള്ള വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും അപേക്ഷ സമർപ്പിക്കുന്ന സമയത്തോ/ ഹിയറിംഗ് സമയത്തോ നമ്പർ റിസർവ്വ് ചെയ്യുവാൻ താത്പര്യമുണ്ടോ, ഇല്ലയോ എന്നുള്ളത് കാണിച്ച് അപേക്ഷ എഴുതി വാങ്ങേണ്ടതും, നമ്പർ റിസർവ്വ് ചെയ്യുവാൻ താത്പര്യമില്ലെങ്കിൽ Normal Allotment വഴി നമ്പർ അനുവദിക്കേണ്ടതുമാണ്; റിസർവ്വ് ചെയ്ത അപേക്ഷകളിൽ നമ്പർ അനുവദിച്ച അന്നേ ദിവസം തന്നെ നടപടിക്രമത്തോട്ട കൂടി RMA ഫയൽ റിസർവ്വ് ചെയ്ത നമ്പർ അനുവദിക്കുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർക്ക് കൈമാറേണ്ടതാണ്;

(15). 7 ദിവസം സമയം അനുവദിക്കപ്പെട്ട വാഹനങ്ങൾക്ക് അനുവദിച്ച സമയത്തിനുള്ളിൽ നമ്പർ റിസർവ്വ് ചെയ്യുന്നില്ലെങ്കിൽ സമയപരിധി അവസാനിച്ച് കഴിഞ്ഞ് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ നമ്പർ അലോട്ട് ചെയ്യേണ്ടതാണ്;

(16). അസാധുവായ നമ്പരുകളും, ഒരു സീരിസിലെ റിസർവ്വ് ചെയ്യാത്ത നമ്പരുകളും നിലവിലുള്ള സീരിസിലെ നമ്പറുകൾ തീരുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ 7 ദിവസത്തേക്ക് 3000 രൂപ മാത്രം അടച്ചുകൊണ്ട് റിസർവ്വ് ചെയ്യുന്നതിനായി അവസരം

ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ റിസർവ്വ് ചെയ്യുന്ന നമ്പറുകൾക്ക് അനക്ഷറിൽ നിഷ്കർഷിച്ചിരിക്കുന്ന തുക ബാധകമായിരിക്കുകയില്ല. സർക്കാരിന് പരമാവധി ലഭ്യമാകേണ്ട തുക ലഭ്യമാക്കുക എന്നുള്ളത് മാത്രമാണ് ഇതിന്റെ ഉദ്ദേശ്യം.;

(17). ഇത്തരത്തിൽ റിസർവ്വ് ചെയ്യുമ്പോൾ ഒരു നമ്പറിന് ഒന്നിൽ കൂടുതൽ അപേക്ഷകൾ ഉണ്ടെങ്കിൽ 7 ദിവസ കാലവധി അവസാനിക്കുന്നതിനു തൊട്ടടുത്ത പ്രവൃത്തി ദിവസം ഖണ്ഡിക 6 മുതൽ 13 വരെയുള്ള നിർദ്ദേശങ്ങൾ പ്രകാരം ലേലം നടത്തി നമ്പർ അലോട്ട് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ നമ്പർ ലഭിച്ച വ്യക്തികൾക്കും ഖണ്ഡിക 13 പ്രകാരമുള്ള നിബന്ധന ബാധകമായിരിക്കും;

(18). ഒരു സീരിസ് തീരുന്ന മുറക്ക് ആ സീരിസിലെ അസാധുവായ നമ്പറുകളും, റിസർവ്വ് ചെയ്യാത്ത നമ്പറുകളും അനുവദനീയമായ ദിവസങ്ങൾക്കുള്ളിൽ ഖണ്ഡിക 16 പ്രകാരം 3000 രൂപ നിരക്കിൽ ആരും ബുക്ക് ചെയ്തിട്ടില്ലെങ്കിൽ ടി നമ്പരുകൾ സമയപരിധി അവസാനിക്കുന്നതിന് തൊട്ടടുത്ത് പ്രവൃത്തി ദിവസം തന്നെ **Normal Allotment** വഴി വിതരണം ചെയ്യേണ്ടതാണ്. തീർന്ന സീരിസിൽ ഇനിയും നമ്പറുകൾ ബാക്കിയുണ്ടെങ്കിൽ അതിനടുത്ത ദിവസങ്ങളിൽ **Normal Allotment** വഴി വിതരണം ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും തീർന്ന സീരിസിലെ നമ്പറുകൾ അലോട്ട് ചെയ്യാതെ സൂക്ഷിക്കുവാൻ പാടുള്ളതല്ല;

(19). നിലവിൽ നടന്നു കൊണ്ടിരിക്കുന്ന സീരിസിന് മുൻപുള്ള പഴയ സീരിസുകളിലെ അലോട്ട് ചെയ്യാത്ത നമ്പറുകളും, ലാപ്സ്ഡ് ആയ നമ്പറുകളും 3000 രൂപ അടച്ച് തിങ്കൾ മുതൽ ശനി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ റിസർവ്വ് ചെയ്യാവുന്നതും, അടുത്ത ആഴ്ചയിലെ തിങ്കളാഴ്ച ലേലം നടത്തിയോ, അല്ലാതെയോ നമ്പർ അനുവദിക്കാവുന്നതുമാണ്. ഇത്തരം ബുക്ക് ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഈ നമ്പറുകൾ **Normal Allotment** വഴി നൽകുന്നതല്ല;

(20). ലേലം കഴിഞ്ഞ ശേഷം ലേലത്തിൽ ഹാജരായി പരാജയപ്പെടുന്നവർക്ക് അവർ നമ്പർ റിസർവ്വേഷനായി അടച്ച ഫീസ് റീഫണ്ട് നൽകുന്നതിനുള്ള ഫോം റ്റി.ആർ-65ൽ 3 ദിവസങ്ങൾക്കുള്ളിൽ നൽകേണ്ടതാണ്.

(21). ലാപ്സായതും, അലോട്ട് ചെയ്യാത്തതുമായ പഴയ സീരിസിലുള്ള നമ്പറുകൾ 3,000 രൂപ അടച്ച് റിസർവ്വ് ചെയ്യാവുന്നതാണെന്ന് നമ്പറുകളുടെ വിശദാംശമുൾപ്പെടെ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും, പത്രമാധ്യമങ്ങളിലൂടെ അറിയിക്കേണ്ടതുമാണ്.

## നമ്പർ റിസർവ്വ് ചെയ്യുന്ന വ്യക്തികളുടെ അറിവിലേക്കായി നൽകുന്ന പൊതുനിർദ്ദേശങ്ങൾ

(1). ഒരാഴ്ചയിൽ അവസാനത്തെ പ്രവൃത്തി ദിവസം വരെ ലഭിക്കുന്ന റിസർവ്വേഷൻ അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കുന്നതിനായി , തുടർന്നുള്ള ആഴ്ചയിലെ ആദ്യത്തെ പ്രവൃത്തി ദിവസം രാവിലെ 10.30 മുതൽ ലേലം ആരംഭിക്കുന്നതാണ്.

(2). 3000 രൂപക്ക് റിസർവ്വ് ചെയ്തിട്ടുള്ള അൺ അലോട്ടഡ്/ലാപ്സ്ഡ് നമ്പറുകളിലുള്ള ലേലം റിസർവ്വ് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള കലാവധി അവസാനിക്കുന്നതിന് തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

(3). ലേലസമയത്ത് അപേക്ഷകനോ, അദ്ദേഹം അധികാരപ്പെടുത്തിയ വ്യക്തിയോ ഓഫീസിൽ ഹാജരാകേണ്ടതും, അപേക്ഷ സമർപ്പിച്ചപ്പോൾ നൽകിയ കൈപ്പറ്റൽ രേഖ ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ സമക്ഷം സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകൻ/അധികാരപ്പെടുത്തുന്ന വ്യക്തി ഇതോടൊപ്പം തന്നിട്ടുള്ള **Authorization Letter,** തന്നെ തിരിച്ചറിയുന്നതിനാവശ്യമായ ഏതെങ്കിലും രേഖ എന്നിവ കൈവശം സൂക്ഷിച്ചിരിക്കേണ്ടതാണ്. ലേല സമയത്ത് അപേക്ഷകൻ/അധികാരപ്പെടുത്തിയ വ്യക്തി ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ അപേക്ഷ അസാധുവാകുന്നതും, അപേക്ഷാ ഫീസ് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. ഒരു നമ്പറിന് ഒരു അപേക്ഷകൻ മാത്രമേ ഉള്ളൂ എങ്കിൽ ടി നമ്പർ അയാൾക്ക് അനുവദിക്കുന്നതാണ്.

(4). ഒന്നിൽ കൂടുതൽ അപേക്ഷകർ ഉള്ള നമ്പറുകൾക്ക് ലേലം നടത്തുന്നതും, ലേലത്തിൽ ഉയർന്ന തുക വിളിക്കുന്ന വ്യക്തികൾക്ക് അവർ ലേലതുക അടയ്ക്കുന്ന മുറയ്ക്ക് നമ്പർ അനുവദിക്കുന്നതുമാണ്.

(5). ഏതെങ്കിലും തരത്തിൽ അപാകത ഉള്ള അപേക്ഷകൾ അസാധുവാകുന്നതും, അപേക്ഷയോടൊപ്പം അടച്ചിട്ടുള്ള ഫീസ് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

(6). ലേലത്തിൽ ഏറ്റവും ഉയർന്ന തുക വിളിച്ച വ്യക്തി, ലേലത്തിൽ വിളിച്ച തുക ഉടൻ തന്നെ കൗണ്ടറിൽ അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അദ്ദേഹത്തെ അയോഗ്യനാക്കി പ്രഖ്യാപിക്കുകയും അദ്ദേഹം റിസർവ്വേഷൻ ഫീസ് ആയി അടച്ചിട്ടുള്ള തുക സർക്കാരിലേക്ക് മുതൽ കൂട്ടുകയും ചെയ്യുന്നതാണ്.

(7). ഒന്നിൽകൂടുതൽ നമ്പർ ബുക്ക് ചെയ്യുവർക്ക് ഒന്നിൽകൂടുതൽ നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ചുള്ള നമ്പറിൽ വാഹനം രജിസ്റ്റർ ചെയ്യാവുന്നതും, മറ്റ് നമ്പർ/നമ്പറുകൾ ലാപ്സ് ആവുകയും ചെയ്യുന്നതാണ്. ഈ നമ്പറുകൾക്കായി അടച്ചിട്ടുള്ള തുക മടക്കി നൽകുന്നതല്ല.

(8) നമ്പറുകളുടെ ലേലം മാറ്റിവയ്ക്കുന്നതിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(9) **നമ്പർ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നൽകുന്ന തീയതി മുതൽ 5 ദിവസത്തിനകം വാഹനം രജിസ്റ്റർ ചെയ്യേണ്ടതാണ്. 5 ദിവസം കഴിഞ്ഞാൽ നമ്പർ അസാധുവാകുന്നതാണ്.**

(10) ഒരു വ്യക്തിക്ക് നമ്പർ അനുവദിച്ചു കഴിഞ്ഞാൽ ടി നമ്പർ അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ അസ്സൽ പകർപ്പ് വാഹനം രജിസ്റ്റർ ചെയ്യുവാൻ വരുന്ന സമയത്ത് അപേക്ഷയുടെ മുൻവശത്ത് ഉൾക്കൊള്ളിക്കേണ്ടതാണ്.

(11) അപേക്ഷകന്റെ പാകപ്പിഴ മൂലം സർക്കാരിന് ഏതെങ്കിലും തരത്തിൽ വരുമാന നഷ്ടമുണ്ടാകുകയാണെങ്കിൽ അത് അപേക്ഷകനിൽ നിന്നും ഈടാക്കുന്നതാണ്.

(12) അന്യ സംസ്ഥാനത്ത് നിന്നും കൊണ്ടു വരുന്ന വാഹനങ്ങൾ(**RMA**)ക്ക് അപേക്ഷ സമയത്തോ/ ഹിയറിംഗ് സമയത്തോ നമ്പർ ബുക്ക് ചെയ്യുന്നതിന് ആഗ്രഹം ഉണ്ട്/ഇല്ല എന്ന അപേക്ഷ നൽകേണ്ടതും രജിസ്റ്ററിംഗ് അതോറിറ്റി/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി നൽകുന്ന നടപടിക്രമ(**Proceedings**) തീയതി മുതൽ 7 ദിവസത്തിനകം നമ്പർ ബുക്ക് ചെയ്യേണ്ടതുമാണ്.

## സത്യവാങ്മൂലം

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതാണെന്നും, ഇതിനു പുറമേ കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 95 അനുസരിച്ചും, ട്രാൻസ്പോർട്ട് കമ്മീഷണറുടെ /2015 സർക്കുലർ അനുസരിച്ചും നമ്പർ ബുക്ക് ചെയ്യുന്നതിന് ഞാൻ തയ്യാറാണ് എന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു. ടി നമ്പറിന്റെ ലേല ദിവസം ഞാൻ നേരിട്ട്/ഞാൻ അധികാരപ്പെടുത്തിയ വ്യക്തി ലേലത്തിന് ഹാജരാകുന്നതാണ്.

തീയതി: അപേക്ഷകന്റെ ഒപ്പ്

അപേക്ഷകന്റെ പേര്

ഭരണഭാഷ — മാതൃഭാഷ

**കൈപ്പറ്റൽ രസീത്**

----------------- എന്ന നമ്പറിന് മേൽ പറഞ്ഞ അപേക്ഷകനിൽ നിന്നും അപേക്ഷയും, ഫീസ് അടച്ച രസീതും കൈപ്പറ്റിയിട്ടുണ്ട്. ടി നമ്പറിന്റെ ലേലം --------------------- തീയതിയിൽ ആയിരിക്കും.

ഒപ്പ്

രജിസ്റ്ററിംഗ് അതോറിറ്റി/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി

പൊതു നിർദ്ദേശത്തിന്റെ പകർപ്പ് കൈപ്പറ്റിയിരിക്കുന്നു.

അപേക്ഷകന്റെ പേരും ഒപ്പും

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി

# Annexure A

## Authorization Letter

I hereby authorize Sri/Smt ...................................... (Name)..........................................

(Address) to participate in auction to be held on ...................... at............... in respect of Reg. No.......................................... on my behalf who has put his/her signature below.

Signature of the applicant

Signature of the person authorized.

Place:
Date:

Signature attested

(Signature of the applicant)

Annexure-B

## AUCTION REGISTER

| Sl No | Date | Registration number to be auctioned | Name of the applicant/ Authorized Representative | Last highest bid of each applicant | Name of the winner in auction | Amount levied temporarily from applicants | Name of the highest bidder to whom the registrtion mark is to be allotted | Order and date of allottment of registration mark | Signature of the applicant | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |